# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 730 29.09.2016 – ൽ മറുപടിക്ക്**

## മരാമത്ത് പണികളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ മന്ത്രിയും ധനകാര്യ മന്ത്രിയും ഇടപെട്ട് നടത്തിയിട്ടുള്ള മരാമത്ത് പണികളെ സംബന്ധിച്ച് വിജിലൻസ് ഡയറക്ടറായിരുന്ന വിൻസൻ. എം. പോൾ നടത്തിയ അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ പൊതു-മരാമത്ത് വകുപ്പിൽ നടക്കുന്നതായി പറയുന്ന അഴിമതി സാമ്പിളാ-യെടുത്ത് വിജിലൻസ് നടത്തിയ ഒരു പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിലെ അഴിമതികൾ തടയുന്നതിനായി സമീപകാല, ഇടക്കാല, ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട നടപടികൾ സംബന്ധിച്ചുള്ളതാണ് പ്രസ്തുത റിപ്പോർട്ട്. ടി റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ച വരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദീകരി-ക്കുമോ ? | (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച വരുന്നു. പുതിയ സർക്കാർ ഇത്തരം റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ശക്തമായ അഴിമതി വിരുദ്ധ നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ